സ്ഥാപിതം
1964

# സ്വതന്ത്രമണ്ഡപം
Independent Daily
പൂത്തോൾ, തൃശൂർ – 680004

## മാനവീയം വീഥിയിൽ പോലീസുകാരന് മർദനം; ഹെൽമറ്റുകൊണ്ട് തലയ്ക്കടിച്ചു

തിരു : മാനവീയം വീഥിയിൽ പോലീസുകാരന് മർദനം. എസ്എപി ക്യാമ്പിലെ സിപിഒ ശ്രീജിത്തിനാണ് ഗുരുതരമായി പരിക്കേറ്റത്. ഞായറാഴ്ച അർധരാത്രിയോടെ ആയിരുന്നു സംഭവം.യുവാവ് ഹെൽമറ്റ് ഉപയോഗിച്ച് ശ്രീജിത്തിന്റെ തലയ്ക്ക് അടിക്കുകയായിരുന്നു എന്നാണ് വിവരം. ആക്രമണത്തിൽ തലയിൽ ഗുരുതരമായി പരിക്കേറ്റ ശ്രീജിത്തിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.സംഭവവുമായി ബന്ധപ്പെട്ട് ആര്യനാട് സ്വദേശി അഖിൽ കൃഷ്ണദേവിനെ പോലീസ് കസ്റ്റഡിയിലെടുത്തു. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു.

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാല്യം: 62 ലക്കം: 147 2026 ആഗസ്റ്റ് 31 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

### 'ജാതീയമായി ചിത്രീകരിച്ചു'; ഹൽദ്വാനി ശുദ്ധീകരണത്തെ ചോദ്യം ചെയ്ത

# രാഹുൽഗാന്ധിക്കെതിരെ എഫ്ഐആർ



ഡെറാഡൂൺ: ഉത്തരാഖണ്ഡിലെ ഹൽദ്വാനിയിൽ കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പങ്കെടുത്ത പരിപാടിയിൽ മതപരമായ ചടങ്ങിനെ ജാതീയമായി ചിത്രീകരിച്ചെന്ന ആരോപണത്തിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്കെതിരെ കേസെടുത്തു. ഖാർഗെ പങ്കെടുത്ത വേദിയിൽ പിന്നീട് ശുദ്ധീകരണം നടത്തിയെന്ന വിഷയം കോൺഗ്രസ് ദേശീയതലത്തിൽ വലിയ രീതിയിൽ വിവാദമാക്കിയിരുന്നു.

ശുദ്ധീകരണ പ്രക്രിയയ്ക്ക് പിന്നിൽ പ്രവർത്തിച്ചവർക്കെതിരെ കേസെടുക്കാൻ നിർദേശിക്കണമെന്ന് പ്രധാനമന്ത്രിയോട് രാഹുൽ ഗാന്ധി ആവശ്യപ്പെട്ടതിന് തൊട്ടുപിന്നാലെയാണ് അദ്ദേഹത്തിനെതിരെ ആരോപണം ഉയർന്നത്. ഹൽദ്വാനിയിലെ വാൽമീകി സമുദായ അംഗവും ശുദ്ധീകരണ പ്രക്രിയയിൽ പങ്കാളിയുമായിരുന്ന അമിത് കുമാർ നൽകിയ പരാതിയിലാണ് നടപടി. ഹൽദ്വാനി കോട്വാലി പൊലീസാണ് രാഹുലിനെതിരെ കേസ് രജിസ്റ്റർ ചെയ്തത്.

മതപരമായ ചടങ്ങിന് രാഹുൽ ഗാന്ധി ജാതീയമായ വ്യാഖ്യാനം നൽകിയെന്നും തന്റെ സമുദായത്തിന്റെ വികാരങ്ങളെ വ്രണപ്പെടുത്തിയെന്നുമാണ് പരാതിയിലെ പ്രധാന ആരോപണം. ഭാരതീയ ന്യായ സംഹിതയിലെ വിവിധ വകുപ്പുകളും പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമത്തിലെ വകുപ്പുകളും അനുസരിച്ചാണ് കേസ് എടുത്തിരിക്കുന്നത്. വിവിധ വിഭാഗങ്ങൾക്കിടയിൽ വൈരം വളർത്തുന്നതും മതവികാരങ്ങളെ മനഃപൂർവം വ്രണപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വകുപ്പുകളും എഫ്ഐആറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഗസ്റ്റ് 8ന് ഹൽദ്വാനിയിലെ രാംലീല മൈതാനിയിൽ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ പങ്കെടുത്ത പൊതുയോഗം നടന്നിരുന്നു. ഇതിന് പിന്നാലെ ഓഗസ്റ്റ് 11ന് ചിലർ വേദിയിൽ 'ശുദ്ധീകരണ യജ്ഞം' നടത്തിയതാണ് വിവാദമായത്. ഖാർഗെ ദളിത് വിഭാഗത്തിൽപ്പെട്ട നേതാവായതിനാലാണ് വേദി 'ശുദ്ധീകരിച്ചത്' എന്നാണ് കോൺഗ്രസ് ആരോപിച്ചത്. സംഭവം ബിജെപിയുടെയും ആർഎസ്എസിന്റെയും ദളിത് വിരുദ്ധ മനോഭാവമാണെന്നാണ് കോൺഗ്രസ് നേതാക്കളുടെ ആരോപണം. എന്നാൽ കോൺഗ്രസിന്റെ ആരോപണം ബിജെപി തള്ളി.

ഖർഗെ പങ്കെടുത്ത പരിപാടിക്ക് ശേഷം വേദിയിൽ മാലിന്യം കിടന്നിരുന്നതിനാലാണ് ശുചീകരണപ്രവർത്തനം നടത്തിയതെന്നാണ് ബിജെപിയുടെ വാദം. ഇതിന് ജാതിയുമായി യാതൊരു ബന്ധവുമില്ലെന്നും ബിജെപി നേതാക്കൾ വ്യക്തമാക്കി.

## മുഖ്യമന്ത്രിയെ കാണാൻ സന്ദർശക നിയന്ത്രണം; ഇനി ആഴ്ചയിൽ 3 ദിവസങ്ങളിൽ മാത്രം അനുമതി



തിരു: മുഖ്യമന്ത്രിയെ കാണാനെത്തുന്നവരുടെ അനിയന്ത്രിത തിരക്ക് ഒഴിവാക്കുന്നതിന്റെ ഭാഗമായി സന്ദർശകരുടെ സമയത്തിൽ നിയന്ത്രണം. വരുന്ന ബുധനാഴ്ച മുതൽ പുതിയ ക്രമീകരണങ്ങൾ നിലവിൽ വരും. തിങ്കൾ, ബുധൻ, വെള്ളി എന്നീ മൂന്ന് ദിവസങ്ങളിൽ ഉച്ചകഴിഞ്ഞ് 3 മണി മുതൽ 5:30 മണി വരെ മാത്രമായിരിക്കും മുഖ്യമന്ത്രിയെ നേരിട്ട് കാണുന്നതിനുള്ള അനുമതി നൽകിയിരിക്കുന്നത്.

അനിയന്ത്രിതമായി വർധിച്ച തിരക്ക് ഓഫീസിന്റെ പ്രവർത്തനങ്ങളെയും പ്രധാന യോഗങ്ങളെയും ബാധിക്കുന്ന സാഹചര്യത്തിലാണ് പുതിയ തീരുമാനമെന്ന് സി.എം. ഒ വിശദീകരിച്ചു. തിരുവനന്തപുരത്തിന് പുറത്തുനിന്ന് എത്തുന്ന സാധാരണക്കാരായ ആളുകൾക്ക് മണിക്കൂറുകളോളം കാത്തുനിൽക്കേണ്ടി വരുന്ന അവസ്ഥയും ഇതിലൂടെ പരിഹരിക്കപ്പെടും.

സന്ദർശക ദിവസങ്ങളിൽ എത്തുന്ന ഭിന്നശേഷിക്കാർ, ശാരീരിക അവശത അനുഭവിക്കുന്നവർ, മുതിർന്ന പൗരന്മാർ എന്നിവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കിയിട്ടുണ്ട്. ഇവർക്കായി താഴത്തെ നിലയിലുള്ള സന്ദർശക മുറിയിൽ പ്രത്യേക സൗകര്യം ഒരുക്കുകയും, മുഖ്യമന്ത്രി നേരിട്ടെത്തി ഇവരുടെ പരാതികൾ സ്വീകരിച്ച ശേഷം മറ്റുള്ളവർക്ക് പ്രവേശനം നൽകുകയും ചെയ്യും.

സന്ദർശക ദിവസങ്ങൾ അല്ലാത്തവ ഉൾപ്പെടെ എല്ലാ ദിവസവും ജനങ്ങളുടെ പരാതികളും നിവേദനങ്ങളും സ്വീകരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ഓഫീസിനോട് അനുബന്ധിച്ച് പ്രത്യേക പരാതി പരിഹാര സെൽ സജ്ജീകരിച്ചിട്ടുണ്ട്. ഓഫീസിനു താഴെയുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സെല്ലിൽ എല്ലാ ദിവസവും ഉച്ചയ്ക്കുശേഷം മൂന്ന് മുതൽ അഞ്ചര വരെ പ്രത്യേക ചുമതലയുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമായിരിക്കും. പരാതികൾ സ്വീകരിക്കുന്നതോടൊപ്പം അവയ്ക്കുള്ള അടിയന്തര നിർദ്ദേശങ്ങളും നടപടികളും സംബന്ധിച്ച വിവരങ്ങൾ ഉദ്യോഗസ്ഥർ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുമെന്നും മുഖ്യമന്ത്രിയുടെ ഓഫീസ് വ്യക്തമാക്കി.

## 50 പവൻ മോഷണം: ഒരാൾ അറസ്റ്റിൽ



സന്തോഷ്, അഖില, സജിത

മുളങ്കുന്നത്തുകാവ്: തോളൂരിൽ വസ്ത്ര വ്യാപാരിയുടെ വീട് കുത്തിത്തുറന്ന് മകളുടെ വിവാഹാവശ്യത്തിന് സൂക്ഷിച്ചിരുന്ന 50 പവനോളം സ്വർണാഭരണങ്ങൾ മോഷ്ടിച്ച കേസിൽ ഒരാളെ അറസ്റ്റ് ചെയ്തു. മുഖ്യപ്രതിയെ പിടികൂടാനുണ്ട്. ആഭരണങ്ങൾ വിൽക്കാൻ ഏൽപിച്ച 2 സ്ത്രീകളും പിടിയിലായി.

നിരവധി ക്രിമിനൽ കേസുകളിലെ പ്രതിയായ പട്ടിക്കാട് പാണഞ്ചേരി സന്തോഷ് എന്ന കൽക്കി സന്തോഷ് (44), മോഷണമുതലുകൾ വിൽക്കുന്നതിനും മറ്റും സഹായിച്ച മണലൂർ ഏങ്ങണ്ടി സജിത (46), കൊടുങ്ങല്ലൂർ കാരിയെഴുത്ത് അഖില (35) എന്നിവരെയാണ് പേരാമംഗലം പൊലീസും തൃശൂർ സിറ്റി പൊലീസ് കമീഷണറുടെ നേതൃത്വത്തിലുള്ള സാഗോക് ടീമും തൃശൂർ അസി. പൊലീസ് കമീഷണറുടെ സ്പെഷൽ സ്ക്വാഡും ചേർന്ന് പിടികൂടിയത്. പറപ്പൂർ സെന്ററിൽ തുണിക്കട നടത്തുന്ന ഷക്കീറിന്റെ വീട്ടിൽ ഈ മാസം 20നാണ് മോഷണം നടന്നത്. പുറകുവശം വാതിൽ തകർത്താണ് കള്ളന്മാർ അകത്ത് കയറിയത്.

## കാന്തപുരത്തിന്റെ സ്ത്രീവിരുദ്ധ പരാമർശത്തിനെതിരെ വനിതാ നേതാക്കൾ

കോഴിക്കോട്: കാന്തപുരം എ.പി. അബൂബക്കർ മുസ്ല്യാരുടെ സ്ത്രീവിരുദ്ധ പരാമർശത്തിനെതിരെ വനിതാ നേതാക്കൾ. മന്ത്രിയും കോൺഗ്രസ് നേതാവുമായ ബിന്ദു കൃഷ്ണ, സിപിഎം നേതാവ് പി.കെ. ശ്രീമതി എന്നിവരാണ് രൂക്ഷ വിമർശനവുമായി രംഗത്തെത്തിയത്. കാന്തപുരത്തിന്റേത് അനുകരണീയമായ സമീപനമല്ലെന്ന് ബിന്ദു കൃഷ്ണ പറഞ്ഞു. സ്ത്രീസമൂഹത്തെ അടച്ചാക്ഷേപിക്കുന്ന പരാമർശമാണ് കാന്തപുരം നടത്തിയതെന്നായിരുന്നു ശ്രീമതിയുടെ പ്രതികരണം.

'ലിംഗഭേദമന്യെ എല്ലാ മനുഷ്യരേയും സമന്മാരായി കാണുന്ന ലിംഗനീതിയുള്ള രാജ്യമാണ് ഇത്. നമുക്കൊരു ഇരുണ്ട കാലഘട്ടമുണ്ടായിരുന്നു. അതിൽനിന്ന് നിരന്തരമായ പോരാട്ടത്തിലൂടെയാണ് സ്ത്രീകൾ ഇന്ന് മുഖ്യധാരയിലേക്ക് എത്തിയത്. നമ്മുടെ പെൺകുട്ടികൾ എത്ര മിടുക്കികളും സമർഥകളുമായാണ് മത്സരപരീക്ഷകൾ വിജയിച്ച് അവരവരുടെ അഭിരുചിക്ക് അനുസരിച്ചുള്ള മേഖലകളിൽ മുന്നോട്ടുവരുന്നു. മികച്ച ഭരണാധികാരികളായി സ്ത്രീകൾ കഴിവ് തെളിയിച്ച് മുന്നോട്ടുപോകുന്നു. നമ്മുടെ രാജ്യത്തിന്റെ പ്രഥമ പൗര ദ്രൗപതി മുർമു വനിതയാണ്. ഇന്ദിരാ പ്രിയദർശിനി ദീർഘകാലം നയിച്ച നാടാണ്. തൊട്ടടുത്ത രാജ്യമായ പാകിസ്താനിൽ ബേനസീർ ഭൂട്ടോ എത്രയോ കാലം ഭരിച്ചു. ബംഗ്ലാദേശിൽ ഷെയ്ഖ് ഹസീനയും ബീഗം ഖാലിദാ സിയയും ഭരിച്ചു. ഈ ലോകത്ത് പിറന്നുവീഴുന്ന ഓരോ കുഞ്ഞും പ്രപഞ്ചത്തിന്റെ എല്ലാ അനുഗ്രഹങ്ങളുടേയും നേരവകാശികളായാണ് പിറക്കുന്നത്. അതുകൊണ്ട് തന്നെ ഇത്തരം സമീപനങ്ങൾ അനുകരണീയമല്ല. അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ട്. അതിനെ ബഹുമാനിക്കുന്നു. പക്ഷേ നമ്മുടെ രാജ്യത്തെ സ്ത്രീകൾ ഭരണഘടനാപരമായി തുല്യ അവകാശമുള്ള വ്യക്തികളാണ്. പെൺകുട്ടികൾ ഇനിയും ഏറെ മുന്നോട്ടുവരേണ്ടതുണ്ട്. അതിന് സംസ്ഥാനസർക്കാർ പിന്തുണ നൽകും.' -ബിന്ദു കൃഷ്ണ പറഞ്ഞു.

'മലപ്പുറം ജില്ലയിലടക്കം കേരളത്തിൽ എല്ലായിടത്തും സ്കൂളുകളിൽ ഇസ്ലാം മതത്തിലെ ഉൾപ്പെടെ പെൺകുട്ടികൾ ഓണാഘോഷത്തിന്റെ ഭാഗമായി നൃത്തം ചെയ്യുകയും പാട്ടുപാടുകയുമെല്ലാം ചെയ്തു. അതാണ് അദ്ദേഹത്തെ പ്രകോപിപ്പിച്ചത് എന്നാണ് ഞാൻ മനസിലാക്കുന്നത്. സ്ത്രീസമൂഹത്തെയാകെ അടച്ചാക്ഷേപിക്കുന്ന പരാമർശമുണ്ടായാൽ അതിനെ എതിർക്കാതിരിക്കാൻ ഞാനടക്കമുള്ള സ്ത്രീകൾക്ക് കഴിയില്ല. പെണ്ണുങ്ങൾ അടുക്കളയിൽ അടങ്ങിയൊതുങ്ങി ജീവിക്കണം, സ്ത്രീകൾ പൊതുവേദികളിലെത്തുന്നത് വലിയ നാശം സമൂഹത്തിനുണ്ടാക്കും എന്നീ രണ്ട് കാര്യങ്ങളാണ് അദ്ദേഹം പറഞ്ഞതായി കേട്ടത്. സ്ത്രീകളെ അങ്ങേയറ്റം തരംതാഴ്ത്തുന്ന പരാമർശമാണ്. സ്ത്രീകളെ നിരത്തിൽ കൊണ്ടുവന്ന് പ്രദർശിപ്പിക്കരുത് എന്നാണ് ആദ്യം അദ്ദേഹം പറഞ്ഞത്. സ്ത്രീ ഇന്ത്യയിലെ പൗരയല്ലേ എന്ന ഒറ്റ ക്കാര്യമാണ് ഇവരോട് ചോദിക്കാനുള്ളത്. അവരുടെ മൗലികാവകാശം ആർക്കെങ്കിലും മതത്തിന്റെ പേരിൽ നിഷേധിക്കാൻ കഴിയില്ല. അങ്ങനെ ചെയ്യുന്നത് ഭരണഘടനയോടുള്ള കൂറില്ലായ്മയാണ്. ഇന്ത്യയിലെ ആദ്യത്തെ വനിതാ ജസ്റ്റിസ് ഇസ്ലാം മതത്തിൽ നിന്നുള്ള ഫാത്തിമാ ബീവിയാണ്.' -പി.കെ. ശ്രീമതി പറഞ്ഞു.

### മുട്ടിൽ മരംമുറി കേസ്: അഗസ്റ്റിൻ സഹോദരങ്ങൾക്ക് തിരിച്ചടി

## വിചാരണ നിർത്തിവെക്കണമെന്ന ഹരജി കോടതി തള്ളി



കൊച്ചി: മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട സാമ്പത്തിക വഞ്ചനാ കേസിൽ പ്രതികളായ അഗസ്റ്റിൻ സഹോദരങ്ങൾക്ക് കോടതിയിൽ നിന്നും വീണ്ടും തിരിച്ചടി. കേസിന്റെ വിചാരണ നിർത്തിവെക്കണമെന്ന പ്രതികളുടെ ആവശ്യം ചോറ്റാനിക്കര മജിസ്ട്രേറ്റ് കോടതി തള്ളി. ഇതോടെ കേസിൽ പ്രതികൾക്കെതിരെയുള്ള കുറ്റപത്രം സെപ്റ്റംബർ ഏഴിന് കോടതി വായിച്ചുകേൾപ്പിക്കും.

കേസിൽ റോജി അഗസ്റ്റിൻ ഒന്നാം പ്രതിയും ആന്റോ അഗസ്റ്റിൻ രണ്ടാം പ്രതിയുമാണ്. വിചാരണ നടപടികൾ സ്റ്റേ ചെയ്യണമെന്നും നിർത്തിവെക്കണമെന്നും ആവശ്യപ്പെട്ട് പ്രതികൾ നൽകിയ ഹരജികൾ നേരത്തെ ഹൈക്കോടതിയും തള്ളിയിരുന്നു. ഹൈക്കോടതി ഉത്തരവിന് പിന്നാലെയാണ് വിചാരണക്കോടതിയുടെ ഭാഗത്തുനിന്നും പ്രതികൾക്ക് സമാനമായ തിരിച്ചടിയുണ്ടാകുന്നത്.

തടിക്കച്ചവടവുമായി ബന്ധപ്പെട്ട് ലക്ഷങ്ങളുടെ സാമ്പത്തിക വഞ്ചന നടത്തിയെന്ന പരാതിയിലാണ് എറണാകുളം അമ്പലമേട് പൊലീസ് അഗസ്റ്റിൻ സഹോദരങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തത്. വിചാരണ നിർത്തിവെക്കാനുള്ള പ്രതികളുടെ നീക്കം കോടതി തള്ളിയ സാഹചര്യത്തിൽ, കുറ്റപത്രം വായിച്ചുകേൾപ്പിക്കുന്ന സെപ്റ്റംബർ ഏഴിലെ കോടതി നടപടികൾ കേസിൽ നിർണായകമാകും.

## തിരുനെല്ലിയിൽ ഒരു കോടിയിലധികം രൂപയുടെ കുഴൽപ്പണം പിടികൂടി



തിരുനെല്ലി: വാഹനത്തിൽ കടത്തുകയായിരുന്ന ഒരു കോടിയിലധികം രൂപയുടെ കുഴൽപണവുമായി മൂന്നു പേരെ തിരുനെല്ലി പോലീസ് പിടികൂടി. കോഴിക്കോട്, വടകര, നട്ട് സ്ട്രീറ്റ് അമീന കൊട്ടേജ്, പ്രഭു രാജ് (20), കണ്ണൂർ പാനൂർ, ഭിമ നിവാസിൽ സ്വപ്നിൽ (23), മഹാരാഷ്ട്ര ഭാൽവാണി സ്വദേശിയായ രാഹുൽ (26) എന്നിവരെയാണ് തിരുനെല്ലി പോലീസും ഡാൻസഫ് ടീമും നടത്തിയ പരിശോധയിൽ പിടികൂടിയത്.

കഴിഞ്ഞ ഞായറാഴ്ച വൈകീട്ട് തോൽപ്പെട്ടിയിൽ നടത്തിയ വാഹന പരിശോധനക്കിടെ കർണാടക ഭാഗത്തു നിന്നും വരികയായിരുന്ന കെ എ 13 ഇ സഡ് 9121 നമ്പർ വാഹനം തടഞ്ഞു പരിശോധിച്ചതിൽ ഡ്രൈവർ സീറ്റിന്റെ അടിഭാഗത്ത് രഹസ്യ അറയിൽ സൂക്ഷിച്ച നിലയിലാണ് 1,44,50,000 (ഒരുകോടി നൽപ്പത്തി നാല് ലക്ഷത്തി അമ്പതിനായിരം രൂപ) പിടിച്ചെടുത്തത്.

സർക്കിൾ ഇൻസ്പെക്ടർ ടി.എം. നിധീഷിന്റെ നേതൃത്വത്തിൽ തിരുനെല്ലി സ്റ്റേഷൻ എസ്.എച്ച്.ഓ എം.സി പവനൻ, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ ജലീൽ, ബിജു, അഷ്റഫ്, സിവിൽ പോലീസ് ഓഫീസർമാരായ ജിതിൻ, അഷ്റഫ്, ഡിജേഷ് ജോബിൻസ്, മുരളികൃഷ്ണൻ തുടങ്ങിയവരാണ് പരിശോധന നടത്തിയത്.

## നേപ്പാൾ ദുരന്തം; മരണസംഖ്യ 900 കടന്നു, കാണാതായത് 4,247പേരെ, കുടുങ്ങിക്കിടക്കുന്നത് നൂറുകണക്കിന് തൊഴിലാളികൾ

കാഠ്മണ്ഡു: നേപ്പാളിലുണ്ടായ മിന്നൽ പ്രളയത്തിലും ഉരുൾപൊട്ടലിലും മരിച്ചവരുടെ എണ്ണം 903 ആയി. കാണാതായവരുടെ എണ്ണം 4,247 ആയതായും ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. രക്ഷാപ്രവർത്തനം ആറാം ദിവസത്തിലേക്ക് കടക്കുകയാണ്. ഇപ്പോഴും പലയിടങ്ങളിലും തെരച്ചിൽ തുടരുകയാണ്. കാണാതായ മലയാളികളെക്കുറിച്ച് ഇതുവരെ വിവരമൊന്നും ലഭിച്ചിട്ടില്ല. 85 പൗരന്മാരെ കാണാതായതായി യുഎസും വ്യക്തമാക്കിയിട്ടുണ്ട്.

മിന്നൽ പ്രളയത്തിൽ നേപ്പാളിലെ ഹൈഡ്രോ ഇലക്ട്രിക് പദ്ധതികളിലെ 933 തൊഴിലാളികൾ കുടുങ്ങിക്കിടക്കുന്നതായി സംശയിക്കുന്നുണ്ട്. ത്രിശൂലി 3എ പദ്ധതി പ്രദേശമടക്കമുള്ള സ്ഥലങ്ങളിലെ തുരങ്കങ്ങൾക്കുള്ളിൽ അകപ്പെട്ടവരെ രക്ഷപ്പെടുത്താൻ തീവ്രശ്രമം തുടരുകയാണ്. ഇന്ത്യയിൽ നിന്നും ചൈനയിൽ നിന്നുമുള്ള വിദഗ്ദ്ധ സംഘങ്ങളും നേപ്പാൾ റെസ്ക്യൂ ടീമിനൊപ്പം രക്ഷാപ്രവർത്തനത്തിൽ പങ്കാളികളാകുന്നുണ്ട്. എന്നാൽ, ടണലിനുള്ളിൽ കുടുങ്ങിയവരുമായി ഇതുവരെ ആശയവിനിമയം നടത്താൻ സാധിച്ചിട്ടില്ല.

കാണാതായവരിൽ പകുതിയിലേറെയും രാജ്യത്തെ ജലവൈദ്യുത പദ്ധതികളിലെ ജീവനക്കാരും തൊഴിലാളികളുമാണെന്നാണ് വിവരം. ടിബറ്റിലും പ്രളയം വൻ നാശം വിതച്ചു. ഇവിടെ 16പേർ മരിക്കുകയും 546പേരെ കാണാതാവുകയും ചെയ്തു. ദുഷ്കരമായ ഭൂപ്രകൃതിയും കാലാവസ്ഥയും കാരണം രക്ഷാപ്രവർത്തനത്തിൽ വലിയ പ്രതിസന്ധി നേരിടുകയാണ്.

### കോടതി പരസ്യം

**ബഹു. ഇരിങ്ങാലക്കുട പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെ**

O.S.No. 165/2026

വരാക്കര ഭഗവതി നിധി (P) Ltd വരന്തരപ്പിള്ളി

-വാദി

മുകുന്ദപുരം താലൂക്ക് ആമ്പല്ലൂർ വില്ലേജ് അളഗപ്പനഗർ ദേശത്ത് പാലപ്പെട്ടി ഗോപാലൻ ഭാര്യ ബേബി

-1-ാം പ്രതി

ടി താലൂക്ക് ടി വില്ലേജ് ടി ദേശത്ത് പാലപ്പെട്ടി ചാത്തൻ മകൻ ഗോപാലൻ

-2-ാം പ്രതി

ടി താലൂക്ക് ടി വില്ലേജ് ടി ദേശത്ത് തേരുപറമ്പിൽ പത്മനാഭൻ മകൻ സുധാകരൻ

-3-ാം പ്രതി

മേൽ നമ്പിൽ പ്രതികൾക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്താൻ അനുവദിച്ച് മേൽ നമ്പ്ര് കേസ് **11-09-2026** തിയ്യതിയിലേക്ക് വച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമുള്ളവർ നേരിട്ടോ നിയമാനുസൃതമായ ഏജന്റ് മുഖാന്തിരമോ കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണ് എന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 22-08-2026

വാദിഭാഗം അഡ്വക്കെറ്റ്

**സി.വി സാബുരാജ്** (ഒപ്പ്)

## കേരള വൈസ് ചാൻസലർ നിയമന തർക്കം: സുപ്രീം കോടതി ഹർജി തീർപ്പാക്കി



ന്യൂഡൽഹി: വൈസ് ചാൻസലർ നിയമന തർക്കത്തിൽ ചാൻസലറുടെ പ്രതിനിധിയും, സർക്കാരിന്റെ പ്രതിനിധിയും തമ്മിൽ ഒപ്പിട്ട ഒത്തുതീർപ്പ് കരാർ സുപ്രീം കോടതിക്ക് കൈമാറി. സാങ്കേതിക, ഡിജിറ്റൽ സർവ്വകലാശാല വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ടാണ് ചാൻസലറുടെ പ്രതിനിധിയും, സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയും തമ്മിൽ ഒത്തുതീർപ്പ് കരാറിൽ ഒപ്പിട്ടത്. സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലറായി ഡോ സിസ തോമസും ഡിജിറ്റൽ സർവ്വകലാശാല വൈസ് ചാൻസലറായി ഡോ സജി ഗോപിനാഥും തുടരാൻ വ്യവസ്ഥ ചെയ്യുന്നതാണ് കരാർ. കരാറിന്റെ പകർപ്പ് പുറത്തുവന്നു.

തിരുവനന്തപുരം ഡിസ്ട്രിക്റ്റ് ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറിയുടെ മധ്യസ്ഥതയിൽ 2026 ഓഗസ്റ്റ് 17-ന് ആണ് ചാൻസലറുടെ പ്രതിനിധിയും, സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയും തമ്മിൽ കരാർ ഒപ്പ് വച്ചത്. ചാൻസലറുടെ പ്രതിനിധിയായി ഗവർണറുടെ സെക്രട്ടറിയേറ്റിലെ ഡെപ്യൂട്ടി സെക്രട്ടറി അശ്വതി പിയും, സർക്കാർ പ്രതിനിധിയായി ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറി സുനിൽ കുമാർ എസ്സും തമ്മിലാണ് ഒത്തുതീർപ്പ് കരാറിൽ ഒപ്പ് വച്ചത്.

കരാറിലെ രണ്ട് പ്രധാന വ്യവസ്ഥകൾ ഇവയാണ്. സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ ആയി ഡോ. സിസ തോമസിന്റെയും ഡിജിറ്റൽ സർവ്വകലാശാല വൈസ് ചാൻസലർ ആയി ഡോ. സജി ഗോപിനാഥിന്റെയും നിയമനം തുടരും. സർവകലാശാലാ നിയമങ്ങളിൽ യുജിസി ചട്ടങ്ങൾക്ക് അനുസൃതമായി ആവശ്യമായ ഭേദഗതികൾ വരുത്താൻ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചു. കേസിൽ ഉന്നയിച്ച നിയമപരമായ പ്രശ്നങ്ങളും വാദങ്ങളും തുടരുമെന്ന വ്യവസ്ഥയും കരാറിൽ ഉണ്ട്.

ചാൻസലറും, സർക്കാരും ഈ വ്യവസ്ഥകൾ അംഗീകരിക്കുന്നുവെന്ന് സുപ്രീം കോടതിയെ അറിയിച്ചു. തുടർന്ന് വൈസ് ചാൻസലർ നിയമനത്തിൽ ചാൻസലർ നൽകിയ ഹർജി സുപ്രീം കോടതി തീർപ്പാക്കി. സുപ്രീം കോടതിയിൽ നടന്ന പ്രത്യേക ലോക് അദാലത്തിൽ ജസ്റ്റിസ് മാരായ അരവിന്ദ് കുമാർ, വിപിൻ പഞ്ചോലി എന്നിവർ അടങ്ങിയ ബെഞ്ചാണ് ഹർജി തീർപ്പാക്കിയത്.

സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ ആയി ഡോ സിസ തോമസിനെയും ഡിജിറ്റൽ സർവ്വകലാശാല വൈസ് ചാൻസലർ ആയി ഡോ സജി ഗോപിനാഥിനെയും നിയമിച്ച് കൊണ്ട് ചാൻസലർ നേരത്തെ വിജ്ഞാപനം ഇറക്കിയിരുന്നു. സുപ്രീം കോടതി നിയമിച്ച ജസ്റ്റിസ് സുധാൻഷു ദുലിയ കമ്മീഷൻ തയ്യാറാക്കിയ പാനലിൽ നിന്നായിരുന്നു നിയമനം. ചാൻസലറും, പിണറായി വിജയൻ സർക്കാരും തമ്മിൽ സമവായത്തിൽ എത്തിയതിനെ തുടർന്നായിരുന്നു നിയമനം. വൈസ് ചാൻസലർ നിയമനം സംബന്ധിച്ച തീരുമാനം ആയിരുന്നുവെങ്കിലും കേസ് ജസ്റ്റിസ് പർഡിവാല അധ്യക്ഷനായ ബെഞ്ച് പൂർണ്ണമായും അവസാനിപ്പിച്ചിട്ടില്ലായിരുന്നു. ഇതിനിടെയിലാണ് ചാൻസിലറുടെ പ്രതിനിധിയും, സംസ്ഥാന സർക്കാരും തമ്മിൽ ഒത്തുതീർപ്പ് കരാറിൽ ഒപ്പിട്ടത്.

## സ്ലീപ്പർ ബസിൽ 16 വയസ്സുകാരി കൂട്ടബലാത്സംഗത്തിനിരയായി

ന്യൂഡൽഹി: 16 വയസ്സുകാരി ഡൽഹിയിൽ കൂട്ടബലാത്സംഗത്തിനിരയായി. പ്ലസ് വൺ വിദ്യാർഥിനിയാണ് സ്ലീപ്പർ ബസിൽ പീഡനത്തിനിരയായത്. സംഭവത്തിൽ ബസ് ഡ്രൈവറേയും കണ്ടക്ടറേയും ഡൽഹി പൊലീസ് അറസ്റ്റ് ചെയ്ത് ബസ് പിടിച്ചെടുത്തു. ആഗസ്റ്റ് നാലിനാണ് കേസിനാസ്പദമായ സംഭവം.

ഉത്തർപ്രദേശ് മെയിൻപുരി സ്വദേശിനിയായ പെൺകുട്ടി വീട്ടുകാരുമായി വഴക്കിട്ടതിനെ തുടർന്ന് ബന്ധുവീട്ടിലേക്ക് പോകുകയായിരുന്നു. കനത്ത മഴ കാരണം വഴി തെറ്റി പാരി ചൗക്കിൽ എത്തിയ പെൺകുട്ടി വഴിയിൽ വന്ന ബസിൽ സഹായം തേടുകയായിരുന്നു. നോയിഡയിലേക്ക് പോകുന്ന ബസ്സാണെന്ന് പറഞ്ഞാണ് സ്ലീപ്പർ ബസിൽ കയറ്റിയത്. ബസിനുള്ളിൽ പീഡനത്തിരയായ പെൺകുട്ടിയെ വഴിയിൽ ഉപേക്ഷിക്കുകയായിരുന്നു. തുടർന്ന് പെൺകുട്ടി അടുത്തുള്ള പൊലീസ് സ്റ്റേഷനിൽ വിവരമറിയിക്കുകയും പൊലീസ് നടത്തിയ അന്വേഷണത്തിൽ പ്രതികളെ തിമാപൂരിൽ വെച്ച് അറസ്റ്റ് ചെയ്യുകയായിരുന്നു. ബസ് ഡ്രൈവറായ കുൽദീപ്, കണ്ടക്ടർ സന്ദീപ് എന്നിവരാണ് അറസ്റ്റിലായത്. ബസ് കസ്റ്റഡിയിലെടുക്കുകയും ഫോറൻസിക് പരിശോധനക്ക് അയക്കുകയും ചെയ്തു.

### കോടതി പരസ്യം

**ബഹു: തൃശ്ശൂർ കുടുംബ കോടതി മുമ്പാകെ**

MC 70/2022, MP 286/2025

1. സാലിഹ കെ.എ, 30 വയസ്സ്, D/o. അബൂബക്കർ. കുന്നത്തുപീടികയിൽ ഹൗസ്, മുള്ളൂർക്കര ദേശം. മുള്ളൂർക്കര വില്ലേജ്, ഇരുനിലംകോട് പി.ഒ. തലപ്പിള്ളി താലൂക്ക്, PIN 680 585.
2. മൈനർ സഫാൻ കെ.എസ്. 13 വയസ്സ്, S/o. സാലിഹ കെ.എ. കുന്നത്തുപീടികയിൽ ഹൗസ്, മുള്ളൂർക്കര ദേശം, മുള്ളൂർക്കര വില്ലേജ്, ഇരുനിലംകോട് പി.ഒ. തലപ്പിള്ളി താലൂക്ക്, പിൻ- 680 585
3. മൈനർ ഫർഹാൻ കെ.എസ്, 8 വയസ്സ്, S/o. സാലിഹ കെ.എ. കുന്നത്തുപീടികയിൽ ഹൗസ്, മുള്ളൂർക്കര ദേശം, മുള്ളൂർക്കര വില്ലേജ്, ഇരുനിലംകോട് പി.ഒ, തലപ്പിള്ളി താലൂക്ക്. പിൻ- 680 585.
4. മൈനർ ഫാത്തിമാസിയ കെ.എസ്, 6 വയസ്സ്. D/o. സാലിഹ കെ.എ. കുന്നത്തുപീടികയിൽ ഹൗസ്, മുള്ളൂർക്കര ദേശം, മുള്ളൂർക്കര വില്ലേജ്, ഇരുനിലംകോട് പി.ഒ. തലപ്പിള്ളി താലൂക്ക്, പിൻ- 680 585. (വടക്കാഞ്ചേരി പോലീസ് സ്റ്റേഷൻ പരിധി)

-ഹർജിക്കാർ

ഷെമീർ കെ.എ. 37 വയസ്സ്, S/o.അബൂബക്കർ കെ.എം, കല്ലിങ്ങപ്പടത്തിൽ ഹൗസ്. വരവൂർ ദേശം, വരവൂർ വില്ലേജ്, വരവൂർ പി.ഒ, തലപ്പിള്ളി താലൂക്ക്, പിൻ- 680 585. (ചെറുതുരുത്തി പോലീസ് സ്റ്റേഷൻ പരിധി)

-എതൃകക്ഷി

**പത്രപരസ്യം**

മേൽ നമ്പിലെ എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാനും, പത്രത്തിൽ പരസ്യം ചെയ്ത് നടത്തുവാൻ കൽപ്പിച്ച് മേൽനമ്പർ കേസ് **08-09-2026** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാകുന്നു. അന്നേ ദിവസം പകൽ 11 മണിക്ക് ടി.എതൃകക്ഷിയോ എതൃകക്ഷിക്കുവേണ്ടി അഡ്വക്കെറ്റോ ബഹു.കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കാത്തപക്ഷം ടിയാന കൂടാതെ മേൽനമ്പർ കേസ് തീർപ്പാക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു

എന്ന്, 06-08-2026

ഹർജിഭാഗം അഡ്വക്കെറ്റ് :

**റീന ജോൺ എൻ** (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4



## റെയിൽവേ സ്റ്റേഷൻ വികസനസമിതി നിർവാഹക സമിതിയോഗം



ഇരിഞ്ഞാലക്കുട: മുകുന്ദപുരം, ചാലക്കുടി, കൊടുങ്ങല്ലൂർ താലൂക്കുകളും, ഇരിഞ്ഞാലക്കുട, ചാലക്കുടി, കൊടുങ്ങല്ലൂർ, കൈപ്പമംഗലം, നാട്ടിക, പുതുക്കാട് നിയമസഭമണ്ഡലങ്ങളും ഉൾപ്പെടുത്തി ഇരിഞ്ഞാലക്കുട ജില്ല രൂപീകരിക്കുവാൻ ഇരിഞ്ഞാലക്കുട റെയിൽവേ സ്റ്റേഷൻ വികസന സമിതി നിർവാഹക സമിതി യോഗം കേരള സർക്കാരിനോടാവശ്യപ്പെട്ടു.

ഇതു മൂലം ജില്ല ആസ്ഥാനം എന്ന നിലയിലുള്ള വൻ വികസനം ഇരിഞ്ഞാലക്കുട റെയിൽവേ സ്റ്റേഷനുണ്ടാകുമെന്ന് സമിതി വിലയിരുത്തി. മുഴുവൻ ട്രെയിനുകൾക്കും സ്റ്റോപ്പനുവദിച്ചു കിട്ടാനും സ്റ്റേഷന്റെ ഇന്നത്തെ പിന്നോക്കാവസ്ഥക്ക് പരിഹാരം കാണാനും ഒരു പരിധി വരെ ഇത് സഹായിക്കുമെന്ന് കഴിഞ്ഞ ഒന്നര വർഷമായി സ്റ്റേഷൻ വികസനത്തിനായി സമരമുഖത്തുള്ള വികസനസമിതി കരുതുന്നു.

നിലവിൽ ഇരിഞ്ഞാലക്കുടയിൽ ആർ. ഡി. ഒ, എസ്. പി ഓഫീസുകളും, റൂറൽ ട്രഷറി, ലാൻഡ് ട്രിബ്യൂണൽ, ജില്ല കോടതി സമുച്ഛയം, ജനറൽ ആശുപത്രി എന്നീ അടിസ്ഥാന സൗകര്യങ്ങളുള്ളത് നിർദ്ധിഷ്ട ജില്ലാ രൂപീകരണം വളരെ ത്വരിതഗതിയിലാക്കാൻ സഹായിക്കുമെന്ന് സമിതി യോഗം ചൂണ്ടിക്കാട്ടി.

യോഗത്തിൽ പ്രസിഡന്റ് വർഗീസ് പന്തലൂക്കാരൻ അധ്യക്ഷനായിരുന്നു. ഡേവിസ് തുളുവത്ത്, അഡ്വ. പാപ്പച്ചൻ വാഴപ്പിള്ളി, ജോസ് കുഴിവെലീ, ലാസർ മനാത്തു, ഡോ. സണ്ണി ഫിലിപ്പ്, കുമാരൻ കൊട്ടാരത്തിൽ, ഡേവിസ് എടപ്പിള്ളി എന്നിവർ പങ്കെടുത്തു. വർക്കിംഗ് പ്രസിഡന്റ് അഡ്വ. കെ. എഫ്. ജോസ് സ്വാഗതവും സെക്രട്ടറി സോമൻ ശാരദാലയം നന്ദിയും പറഞ്ഞു.

## പഠനത്തിനെന്ത് പ്രായം; 15 എം.എ, ഒപ്പം പിഎച്ച്.ഡിയും കരസ്ഥമാക്കി തേവന്നൂർ മണിരാജ്

അഞ്ചൽ: കുഞ്ഞു പ്രായത്തിൽ തുടങ്ങിയ പഠനം 80 പിന്നിട്ടിട്ടും തുടരുന്നൊരു ബഹുമുഖ പ്രതിഭ, ഈ പ്രായത്തിനിടയിൽ അദേഹം നേടിയെടുത്തതോ 15 ബിരുദാനന്തര ബിരുദവും ഒപ്പമൊരു പിഎച്ച്.ഡിയും. ഡോ. തേവന്നൂർ മണിരാജ് എന്ന പ്രതിഭയുടെ പഠനവഴിയിലെ യാത്രയെ ഇങ്ങനെ ചുരുക്കിപ്പറയാം. എന്നാൽ, ഏതാനും വാക്കുകളിൽ ഒതുക്കി നിർത്താൻ കഴിയുന്നയാളല്ല അദ്ദേഹം. അധ്യാപകൻ, കവി, നാടകകൃത്ത്, ബാലസാഹിത്യകാരൻ, തിരക്കഥാകൃത്ത്, ചലച്ചിത്ര ഗാനരചയിതാവ്, ഹാസ്യസാഹിത്യകാരൻ, വിദ്യാഭ്യാസ ചിന്തകൻ, അഭിനേതാവ്, പ്രഭാഷകൻ, സാംസ്കാരിക പ്രവർത്തകൻ തുടങ്ങിയ നിലകളിൽ പ്രശസ്തനാണ് ഡോ. തേവന്നൂർ മണിരാജ്.

കൊട്ടാരക്കര താലൂക്കിൽ തേവന്നൂർ ഗ്രാമത്തിൽ ജനനം. കേരള യൂനിവേഴ്സിറ്റിയിൽ നിന്ന് മലയാളം വിദ്വാൻ പാസായി. തുടർന്ന് ഹൈസ്കൂൾ അധ്യാപകനായി. ജോലിയിലിരിക്കെ എം.എയും നാടക സാഹിത്യത്തിൽ പിഎച്ച്.ഡിയും നേടി. തുടർന്ന് ബി.എഡ്, എം.എഡ് കോഴ്സുകൾ പൂർത്തിയാക്കി. പിന്നീടങ്ങോട്ട് ബിരുദാനന്തര ബിരുദങ്ങൾ സ്വന്തമാക്കുന്നത് ഹോബിയാക്കി മാറ്റി എന്ന് പറഞ്ഞാലും അതിശയമാകില്ല. 15 വിഷയങ്ങളിലാണ് ബിരുദാനന്തര ബിരുദങ്ങൾ കരസ്ഥമാക്കിയത്. ഇപ്പോഴാകട്ടെ, വാർധക്യത്തിന്റെ ഒഴിവുകഴിവ് പറഞ്ഞ് വിശ്രമജീവിതം നയിക്കാനും അദ്ദേഹമില്ല. പകരം ഡിലിറ്റിന് ഗവേഷണം നടത്തുന്നു.

## നവോത്ഥാന ദർശന സ്മൃതി: സാമൂഹ്യനീതിക്കും സാമൂഹിക ജനാധിപത്യത്തിനും ജാതി സെൻസസ് നടപ്പാക്കണം



തൃശൂർ : ശ്രീനാരായണ ഗുരുവിന്റെയും മഹാത്മ അയ്യങ്കാളിയുടെയും ജയന്തികൾ ഒരുമിച്ച് ആഘോഷിച്ചു കേരള യൂത്ത് ക്ലബ് അസോസിയേഷനും ആട്ടോർ അയ്യപ്പൻ നാടൻ കലാസമിതിയും കേരള സാഹിത്യ അക്കാദമി ശ്രുതി മണ്ഡപം ഹാളിൽ നടന്ന ചടങ്ങ് കേരള അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ടും ആർ ജെ ഡി സെൻറർ സംസ്ഥാന സെക്രട്ടറിയുമായ ബിജു ആട്ടോർ ഉദ്ഘാടനം ചെയ്തു. ഒരേ ലക്ഷ്യത്തിനുവേണ്ടി ഒരുമിച്ച് പട നയിച്ച സാമൂഹിക പരിഷ്കർത്താക്കൾ ആയിരുന്നു ശ്രീനാരായണഗുരുവും അയ്യങ്കാളിയുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സാമൂഹ്യനീതിക്കും സാമൂഹിക ജനാധിപത്യത്തിനും വേണ്ടി കേരളത്തിൽ ജാതി സെൻസസ് നടപ്പാക്കണമെന്നും ബിജു ആട്ടോർ ആവശ്യപ്പെട്ടു. അസോസിയേഷൻ സംസ്ഥാന കമ്മിറ്റിയംഗം ആന്റോ മോഹനൻ അദ്ധ്യക്ഷത വഹിച്ചു. അസോസിയേഷൻ രക്ഷാധികാരി പി.കെ. ജയരാജൻ മുഖ്യപ്രഭാഷണം നടത്തി. ജിയോ തോളൂർ, ജയപ്രകാശ് ഒളരി, ഹരികൃഷ്ണൻ . കെ.പി. , പി.കെ. രാമചന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

## ഉത്രാടക്കാഴ്ച കുല സമർപ്പണം നടത്തി

ഒരുമനയൂർ: മാങ്ങോട്ട് ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിൽ ഒരുമനയൂർ എൻഎസ്എസ് കരയോഗം സുബ്രഹ്മണ്യ സ്വാമിക്ക് ഉത്രാടക്കാഴ്ച കുല സമർപ്പണം നടത്തി. ചടങ്ങിൽ കരയോഗം പ്രസിഡണ്ട് രാമചന്ദ്രൻ നായർ ഐശ്വര്യ, സെക്രട്ടറി ശശി നായർ വട്ടേക്കാട്ട്, വൈസ് പ്രസിഡണ്ട് ദിനേശ്, ഭരണസമിതി അംഗങ്ങളായ ശ്രീകുമാർ മാങ്ങോട്ട്, രാംദാസ് വളപ്പിൽ, കരയോഗം കുടുംബാംഗങ്ങൾ, ഭക്തജനങ്ങൾ എന്നിവർ പങ്കെടുത്തു.

## ആംബുലൻസിന് നേരെ കാട്ടാന ആക്രമണം

തൃശ്ശൂർ: വാൽപ്പാറയിൽ ആംബുലൻസിന് നേരെ കാട്ടാന ആക്രമണം. കാലടി ഫാർമേഴ്സ് സഹകരണ ബാങ്കിന്റെ ആംബുലൻസിന് നേരെയാണ് കാട്ടാനയുടെ ആക്രമണം. ആംബുലൻസ് മറിച്ചിടാൻ ശ്രമിച്ച് കാട്ടാന. ആക്രമണത്തിൽ ആംബുലൻസിന്റെ കണ്ണാടി തകർന്നു.

## ഗ്രാമോത്സവം 2026: ആദരവ് സമ്മേളനം സംഘടിപ്പിച്ചു



മുരിയാട് പഞ്ചായത്ത് തുറവൻകാട് ഗ്രാമോത്സവം 2026–ന്റെ ഭാഗമായി സംഘടിപ്പിച്ച ആദരവ് സമ്മേളനം ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി ജി ശങ്കരനാരായണൻ ഉദ്ഘാടനം ചെയ്തു.തോമസ് തൊകലത്ത് അദ്ധ്യക്ഷത വഹിച്ചു

മുഖ്യമന്ത്രിയുടെ ഈ വർഷത്തെ പോലീസ് മെഡൽ നേടിയ സിവിൽ പോലീസ് ഓഫീസർ മണി ഇ എസ് നെ ചടങ്ങിൽ ആദരവ് നൽകി പിന്നെ വാർഡിലെരാജ്യസേവന രംഗത്ത് മികച്ച സേവനം കാഴ്ചവെച്ചവരെയും ഇപ്പോഴും മികച്ച സേവനം തുടരുന്നവരെയും, എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെയും ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കിയവരെയും സമ്മേളനത്തിൽ ആദരിച്ചു.

മുരിയാട് പഞ്ചായത്ത് പ്രതിപക്ഷ നേതാവ് തോമസ് തത്തംപിള്ളി, ജ്യോതി സരിൻ,വിശാഖൻ പി വി എന്നിവർ മുഖ്യാതികാളായിരുന്നു പഞ്ചായത്തംഗം ശശി ടി. കെ.സാമൂഹിക പ്രവർത്തകൻ ശ്രീ. കെ. കെ. വിശ്വനാഥൻ, എ.ഡി.എസ്. പ്രസിഡന്റ് സുലേഖ മധുസൂദനൻ ,കൺവീർ അഭില ഷിന്റോ എന്നിവർ സംസാരിച്ചു. സിജു ചാലക്കൽ, ശ്രീനിവാസൻ, ബിന്ദു മോഹനൻ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി

## ഓണാഘോഷവും തൊറവ് കൂട്ടായ്മയുടെ നാലാം വാർഷികവും അവാർഡ് ദാനവും



പുതുക്കാട്:തൊറവ് കൂട്ടായ്മയുടെ നാലാം വാർഷികത്തിനോടനുബന്ധിച്ചു അവാർഡ് ധാനവും ഓണാഘോഷവും നടത്തി.കേരള മുഖ്യമന്ത്രിയുടെ വിശിഷ്ട സേവനത്തിന് തെരെഞ്ഞടുക്കപ്പെട്ട എക്സൈസ് അസി: ഇൻസ്പക്ടർ കെ.കെ.രാജുവിന് സ്വീകരണവും നൽകി

പുതുക്കാട് തെക്കെ തൊറവ് കൂട്ടായ്മയുടെ നാലാമത് അവാർഡ് ദാനവും ഓണാഘോഷവും നടത്തി, പുതുക്കാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ.ജെ.ജോജു ഉൽഘാടനം ചെയ്തു. പൊതുപ്രവർത്തകനും തൊറവ് കൂട്ടായ്മ അഡ്മിൽ വർഗ്ഗീസ് തെക്കേത്തല അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഈ വർഷത്തെ മുഖ്യമന്ത്രിയുടെ വിശിഷ്ട സേവാനത്തിന് തെഞ്ഞടുക്കപ്പെട്ട കെ.കെ.രാജു എക്സ്സ്സ് അസിസ്റ്റൻറ് ഇൻസ്പക്ടർ കെ.കെ.രാജുവിന് സ്വീകരണവും ഈ കഴിഞ്ഞ വർഷത്തെ ടടഘഋ, +2 മറ്റ് ഉന്നത വിജയം കരസ്ഥമാക്കിയ മക്കളെ ആദരിക്കുകയും ചെയ്തു .സ്ഥലത്തെ പഞ്ചായത്ത് വാർഡ് മെമ്പർ മായ പി.വി .ശരത്ത് സൗമ്യ ടീച്ചർ, ജോജോ കുറ്റിക്കാടൻ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. യോഗത്തിൽ ശ്രീ.രമ്യക്ക് കിളിയാറ സ്വാഗതവും ഷാജു ചക്കും പിടിക നന്ദിയും പറഞ്ഞു. തുടർന്ന് കൂട്ടായ്മയുടെ കരോക്കെ ഗാനമേളയും,കലാ പരിപാടികളും ഉണ്ടായിരുന്നു.

## എ.സി.എസ്.വാരിയർ അനുസ്മരണം




ഇരിങ്ങാലക്കുട: മികച്ച സഹകാരിയും, സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡണ്ടും മായിരുന്ന എ.സി.എസ്. വാരിയരുടെ പത്താം ചരമവാർഷികം ആചരിച്ചു.

ബാങ്ക് അങ്കണത്തിൽ നടന്ന പുഷ്പാർച്ചനയും അനുസ്മരണവും ബാങ്ക് പ്രസിഡണ്ട് തിലകൻ പൊയ്യാറ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡണ്ട് രജനി സുധാകരൻ, ഡയറക്ടർമാരായ കെ.കെ. ശോഭനൻ , എ.സി. സുരേഷ്, കെ. ഗോപാലകൃഷ്ണൻ,സെക്രട്ടറി കെ.എസ്. ശ്രീജിത്ത്, അസി. സെക്രട്ടറി കെ.ആർ. ജയശ്രീ എന്നിവർ പ്രസംഗിച്ചു. ഡയറക്ടർമാരായ ഇന്ദിര ഭാസി, പ്രിൻസൻ തയ്യാലക്കൽ, കെ.എൽ. ജെയ്സൺ, ഇ.വി. മാത്യൂ, കെ. ഹരിദാസ്, എന്നിവർ പങ്കെടുത്തു.

## സി.ബി.എസ്.ഇ സ്റ്റേറ്റ് ഫുട്ബോൾ: എല്ലാ വിഭാഗങ്ങളിലും അറഫ ഇംഗ്ലീഷ് സ്കൂളിന് ഹാട്രിക് കിരീടം; ദേശീയ മത്സരത്തിലേക്ക് യോഗ്യത നേടി



പാലക്കാട്: സി.ബി.എസ്.ഇ. ക്ലസ്റ്റർ 10 ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഉജ്ജ്വല മുന്നേറ്റവുമായി അറഫാ ഇംഗ്ലീഷ് സ്കൂൾ. ചെർപ്പുളശ്ശേരി ശബരി സ്കൂൾ ആതിഥേയത്വം വഹിച്ച് പാലക്കാട് നൂറണിയിൽ വെച്ച് നടന്ന ആവേശകരമായ ഫൈനൽ പോരാട്ടങ്ങളിൽ അണ്ടർ 14, അണ്ടർ 17, അണ്ടർ 19 എന്നീ മൂന്ന് വിഭാഗങ്ങളിലും പെരുമ്പിലാവ് അൻസാർ സ്കൂളിനെ പരാജയപ്പെടുത്തി അറഫാ സ്കൂൾ ജേതാക്കളായി. ഈ തകർപ്പൻ വിജയത്തോടെ മൂന്ന് വിഭാഗങ്ങളിലും ദേശീയ തല മത്സരത്തിൽ പങ്കെടുക്കാനുള്ള യോഗ്യതയും ടീം സ്വന്തമാക്കി.

വ്യത്യസ്ത വിഭാഗങ്ങളിൽ നടന്ന മത്സരങ്ങളിലെ തിളക്കമാർന്ന പ്രകടനങ്ങൾ:

അണ്ടർ 14: അൻസാർ സ്കൂളിനെ ഒന്നിനെതിരെ നാല് (4 1) ഗോളുകൾക്ക് തകർത്താണ് അറഫാ ടീം കിരീടം ചൂടിയത്.

അണ്ടർ 17: പെരുമ്പിലാവ് അൻസാർ സ്കൂളിനെതിരെ എതിരില്ലാത്ത നാല് ഗോളുകളുടെ (40) ഏകപക്ഷീയ വിജയത്തോടെ അറഫാ ടീം ചാമ്പ്യൻമാരായി.

അണ്ടർ 19: വാശിയേറിയ മത്സരത്തിനൊടുവിൽ പെനാൽറ്റി ഷൂട്ടൗട്ടിൽ 4–2 എന്ന സ്കോറിനാണ് അൻസാർ സ്കൂൾ പെരുമ്പിലാവിനെതിരെ അറഫാ സ്കൂൾ വിജയം ഉറപ്പിച്ചത്.

## ആളില്ലാത്ത വീട് കുത്തിത്തുറന്ന് മോഷണം

പുതുക്കാട്: കല്ലൂർ കോട്ടായിൽ ആളില്ലാത്ത വീട് കുത്തിതുറന്ന് 9 പവൻ കവർന്നു. കല്ലൂർ കോട്ടായി സ്വദേശി മഞ്ഞളി ജെയ്സന്റെ വീട്ടിലാണ് മോഷണം നടന്നത്. പുതുക്കാട് പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

## നിര്യാതനായി

### ദേവൻ



പുല്ലഴി: ഇല്ലത്തം കോട്ട് ശ്രീധരൻ നായരുടെയും കൊളങ്ങാട്ട് ജാനകി അമ്മയുടെയും മകൻ ദേവൻ (72-സഹദേവൻ) നിര്യാതനായി. ഭാര്യ പരേതയായ കളത്തൂർ ദേവി. മക്കൾ: പ്രസീത, അഞ്ജലി മരുമക്കൾ ഗിരീഷ്, ശ്രീജിത്ത് സംസ്കാരം 01/09/2026 തീയതി ചൊവ്വാഴ്ച 11 മണിക്ക് പുഴക്കൽ പാറമേക്കാവ് ശാന്തിഘട്ട് ക്രിമിറ്റോറിയത്തിൽ.

## കൊരുമ്പിശ്ശേരി റെസിഡന്റ്സ് അസോസിയേഷന്റെ ഓണാഘോഷം

ഇരിങ്ങാലക്കുട : കൊരുമ്പിശ്ശേരി റെസിഡന്റ്സ് അസോസിയേഷന്റെ ഓണാഘോഷം നഗരസഭാ കൗൺസിലർമാരായ പ്രവീൺസ് ഞാറ്റുവെട്ടിയും ആര്യ സുമേഷും ചേർന്ന് ഉദ്ഘാടനം ചെയ്തു.

പ്രസിഡണ്ട് എ.സി. സുരേഷ് അധ്യക്ഷത വഹിച്ചു. രക്ഷാധികാരി ശ്രീധരൻ നടുവളപ്പിൽ ആശംസകൾ നേർന്നു. ചടങ്ങിൽ 84 വയസ്സ് കഴിഞ്ഞവരെയും കർഷകശ്രീ അവാർഡ് നേടിയ പ്രീത ദിനേശനെയും ആദരിച്ചു. സമ്മാനക്കൂപ്പൺ നറുക്കെടുപ്പിൽ ജെസെയർ, പ്രീത ഷാജൻ, സിബി കല്ലിക്കാട്ട് എന്നിവർ ആദ്യ മൂന്ന് സമ്മാനങ്ങൾ നേടി. ജിസ്ന ഉദയശങ്കർ, നന്ദു അനിൽ, രാധ രഘു, വിഹാൻ, ധന്യ ജയൻ, പ്രസാദ് അനന്തത്തു പറമ്പിൽ എന്നിവർക്ക് പ്രോത്സാഹന സമ്മാനവും ലഭിച്ചു.

തുടർന്ന് അസോസിയേഷൻ അംഗങ്ങൾ പങ്കെടുത്ത ഓണക്കളി മത്സരങ്ങൾ അരങ്ങേറി. സെക്രട്ടറി ബിന്ദു ജിനൻ സ്വാഗതവും, ട്രഷറർ രമാഭായ് നന്ദിയും പറഞ്ഞു.



കൊരുമ്പിശ്ശേരി റെസിഡന്റ്സ് അസോസിയേഷന്റെ ഓണാഘോഷം നഗരസഭാ കൗൺസിലർമാരായ പ്രവീൺസ് ഞാറ്റുവെട്ടിയും, ആര്യ സുമേഷും ചേർന്ന് ഉൽഘാടനം ചെയ്യുന്നു

## വനിതാ നേതൃത്വ സംഗമം




ഗുരുവായൂർ: സമസ്ത കേരള വാര്യർ സമാജം കേന്ദ്ര വനിതാവേദിയുടെ ആഭിമുഖ്യത്തിൽ ജില്ലാ സാരഥികളുടെ വനിതാ സംഗമം സമാജം സംസ്ഥാന പ്രസിഡണ്ട് സി. ബി. എസ്. വാര്യർ ഉദ്ഘാടനം ചെയ്തു. വനിതാവേദി പ്രസിഡണ്ട് ടി. കെ. ഗീതാകുമാരി അധ്യക്ഷത വഹിച്ചു . ജനറൽ സെക്രട്ടറി വി .വി . മുരളീധരവാര്യർ മുഖ്യപ്രഭാഷണം നടത്തി. ട്രഷറർ കെ.ഉണ്ണികൃഷ്ണ വാര്യർ, വനിതാവേദി സെക്രട്ടറി എൻ. ജയശ്രീ, ചന്ദ്രിക കൃഷ്ണവാര്യർ, ജ്യോതി ഗോപകുമാർ, എം.രാജലക്ഷ്മി എന്നിവർ പ്രസംഗിച്ചു.



വാഴാനി ഡാമിൽ ഓണം ഫെസ്റ്റ് ഉൽഘാടനം കെ.രാധാകൃഷ്ണൻ എം.പി. നിർവഹിക്കുന്നു. സേവ്യർ ചിറ്റിലപ്പിള്ളി എം.എൽ.എ. സമീപം.

## സന്മാർഗ്ഗദീപം വായനശാലയിലെ ഓണാഘോഷ പരിപാടി



വടൂക്കര; സന്മാർഗ്ഗദീപം വായനശാല ആഗസ്റ്റ് 23, 24, 25, 26 തിയ്യതികളിൽ നടത്തിയ ഓണാഘോഷ പരിപാടികളുടെ സമാപനം ഭദ്രദീപം കൊളുത്തി ഡെപ്യൂട്ടി മേയർ എ പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു. കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. രവീന്ദ്രൻ മുഖ്യാതിഥിയായി പങ്കെടുത്തു സംസാരിച്ചു. വായനശാല പ്രസിഡന്റ് തിലകൻ കൈപ്പുഴ അധ്യക്ഷത വഹിച്ച ചടങ്ങിൽ വടൂക്കര ഡിവിഷൻ കൗൺസിലർ സിജിത്ത് എം.എസ്, കൂർക്കഞ്ചേരി ഡിവിഷൻ കൗൺസിലർ അമ്പിളി സി.എം എന്നിവർ ആശംസയർപ്പിച്ച് സംസാരിച്ചു. 23,24 തിയ്യതികളിൽ നടന്ന കലാമത്സരവിജയികൾക്കുള്ള സമ്മാനദാനം വേദിയിൽ നൽകി. വായനശാല സെക്രട്ടറി ടി.കെ സത്യൻ സ്വാഗതം പറഞ്ഞു, ജോ.സെക്രടറി ഷനു ജോർജ് നന്ദി പറഞ്ഞു. വായനശാല വൈസ് പ്രസിഡന്റ് ഉഷ നന്ദിനി,കമ്മിറ്റിയംഗങ്ങളായ പി.മൊഹമ്മദ് ബാബു, സി.പി പ്രമോദ്, വി.എ രാജു, ഷൈഹാൻ പി.എം, ജയൻ തോപ്പിൽ, ഷൈല ജെയിംസ്, ബെഫി എ..ബി, ഷിഹാബുദ്ദീൻ പി.എസ് എന്നിവർ പങ്കെടുത്തു.

## കാലിഫോർണിയയിൽ കൊല്ലപ്പെട്ട അഞ്ജനയുടെ വീട് ഡിസിസി പ്രസിഡന്റ് സന്ദർശിച്ചു



മണ്ണുത്തി: കാലിഫോർണിയിൽ സുഹൃത്തായ യുവതി കൊലപ്പെടുത്തിയ തൃശൂർ മണ്ണുത്തി മുടിക്കോട് സ്വദേശി അഞ്ജനയുടെ വീട് ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രസിഡണ്ട് അഡ്വ .ജോസഫ് ടാജറ്റ് സന്ദർശിച്ചു.

കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ച ജോസഫ് ടാജറ്റ് മൃതദേഹം എത്രയും വേഗം നാട്ടിൽ എത്തിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ എല്ലാവിധ സഹായങ്ങളും ചെയ്യുമെന്നും ജീവിത പ്രയാസങ്ങളെ അതിജീവിക്കുന്നതിനായി അന്യ നാട്ടിലെത്തിയ അഞ്ജനക്കുണ്ടായ ദുരന്തം വേദനാജനകമാണെന്നും കുടുംബത്തിന്റെയും നാടിന്റെയും ദുഃഖത്തിൽ പങ്കുചേരുന്നതായും പറഞ്ഞു.

അഞ്ജനയുടെ കുടുംബാംഗങ്ങളുമായി എ. ഐ. സി. സി ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ എംപി, മുഖ്യമന്ത്രി വി ഡി സതീശൻ,മന്ത്രി ഒ ജെ ജനീഷ് എന്നിവർ ഫോണിൽ സംസാരിക്കുകയും കുടുംബത്തെ ആശ്വസിപ്പിക്കുകയും സഹായങ്ങൾ ഉറപ്പുനൽക്കുകയും ചെയ്തു.

ഡിസിസി ജനറൽ സെക്രട്ടറിമാരായ സിജോ കടവിൽ,സജീവൻ കുരിയച്ചിറ,ഭാസ്കരൻ ആദംകാവിൽ,പാണഞ്ചേരി പഞ്ചായത്ത് പ്രസിഡണ്ട് മിന്നു ടീച്ചർ,വൈസ് പ്രസിഡണ്ട് കെ പി ചാക്കോച്ചൻ എന്നിവർ ഒപ്പമുണ്ടായിരുന്നു.

# അമേരിക്കയിൽ മലയാളി യുവതി സുഹൃത്തുക്കളായ രണ്ട് സ്ത്രീകളെ കൊലപ്പെടുത്തി

ഈരാറ്റുപേട്ട: 'ബേബി ഡോക്ടറുടെയും ജോളി ചേച്ചിയുടെയും മകൾ അങ്ങനെ ചെയ്യില്ല..' അമേരിക്കയിൽ കാലിഫോർണിയയിലെ മിൽപിറ്റാസിൽ മലയാളിയുവതി സുഹൃത്തുക്കളായ രണ്ട് മലയാളിയുവതികളെ കൊലപ്പെടുത്തിയ വാർത്തയുടെ ഞെട്ടൽ ഈരാറ്റുപേട്ടയിലെ തഴച്ചവയൽ എന്ന കൊച്ചുപ്രദേശത്തെയും ഞെട്ടലിലാഴ്ത്തിയിരിക്കുകയാണ്. രണ്ടുകൂട്ടികാരികളെയും ദാരുണമായി കൊലപ്പെടുത്തിയത് തങ്ങളുടെ നാട്ടുകാരി അനിലയാണെന്ന് വിശ്വസിക്കാൻ അവർക്കിപ്പോഴും കഴിഞ്ഞിട്ടില്ല. അത്രയും നല്ല അഭിപ്രായമാണ് അനിലയേയും കുടുംബത്തേയുംകുറിച്ച് നാട്ടുകാർക്കും വീട്ടുകാർക്കും.

ഇക്കഴിഞ്ഞ വെള്ളിയാഴ്ച ഉച്ചയ്ക്ക് 12 മണിയോടെയാണ് ഞെട്ടിക്കുന്ന സംഭവം നടന്നതെന്നാണ് നാട്ടിൽ ലഭിച്ചിരിക്കുന്ന വിവരം. മുടിക്കോട് പാണഞ്ചേരി തെക്കൂട്ട് ഹരിദാസ്-സുഷമ ദമ്പതിമാരുടെ മകൾ അഞ്ജന (35), തിരുവനന്തപുരം സ്വദേശിനിയും കോട്ടയം കുറിച്ചി പള്ളത്തറ വീട്ടിൽ ജേക്കബ്ബിന്റെ ഭാര്യയുമായ ആനി (35) എന്നിവരാണ് കൊല്ലപ്പെട്ടത്.

കേസുമായി ബന്ധപ്പെട്ട് ഈരാറ്റുപേട്ടയ്ക്കടുത്ത് മൂന്നിലവ് പഞ്ചായത്തിലെ തഴയ്ക്കവയൽ സ്വദേശി മാറാമറ്റം വീട്ടിൽ അനിലയാണ് അറസ്റ്റിലായിരിക്കുന്നത്. യുവതി കുറ്റം സമ്മതിച്ചതായാണ് വിവരം. അമേരിക്കയിലെ ജോലി നഷ്ടപ്പെട്ടതിനെ തുടർന്നുണ്ടായ വിഷാദമാണ് കൊലയ്ക്ക് പിന്നിലെന്നാണ് പ്രാഥമികനിഗമനം. യുവതിയെ കൂടുതൽ ചോദ്യംചെയ്യുന്നതിൽ നിന്നേ ആക്രമണകാരണം വ്യക്തമാവുകയുള്ളൂ.

എന്നാൽ, ഇത്തരത്തിലൊരു ക്രൂരകൃത്യംചെയ്യാൻ തങ്ങൾക്കറിയുന്ന അനിലയ്ക്കാവില്ലെന്ന് ബന്ധുക്കളും നാട്ടുകാരും ഒരേസ്വരത്തിൽ പറയുന്നു. സ്വതവേ ശാന്തസ്വഭാവമായിരുന്നു അനിലയുടേത്, ബന്ധുക്കളോടും നാട്ടുകാരോടുമെല്ലാം നല്ല പെരുമാറ്റം. അനിലയെക്കുറിച്ചോ ആ വീട്ടുകാരെക്കുറിച്ചോ ആർക്കും നല്ലതല്ലാത്ത അഭിപ്രായമില്ല.

സ്ഥലത്തെ അറിയപ്പെടുന്ന കുടുംബമാണ് അനിലയുടേത്. സാമ്പത്തികമായും വലിയ ബുദ്ധിമുട്ടുകൾ ഒന്നുമില്ലാത്ത കുടുംബം. നാട്ടിൽ ഭരണങ്ങാനം എആർഎസ് കോളേജിലാണ് അനില പഠിച്ചത്. നാലുവർഷം മുമ്പാണ് യുഎസിലേക്ക് പോയത്. എഞ്ചിനിയറിങ് ബിരുദധാരിയായ അനില അവിടെ ഒരു സ്വകാര്യ കമ്പനിയിൽ ജോലിചെയ്ത് വരികയായിരുന്നു.

യുഎസിൽ ഭർത്താവിനും കുഞ്ഞിനുമൊപ്പം അനില സന്തുഷ്ടയും സന്തോഷവതിയുമായിരുന്നു എന്നാണ് നാട്ടുകാരുടെ അറിവ്. രണ്ടുമാസമായി അനിലയുടെ മാതാപിതാക്കളും യുഎസിൽ ഇവരുടെ കൂടെയായിരുന്നു താമസം. അനിലയുടെ സഹോദരൻ കാനഡയതുകൊണ്ടുതന്നെ നാട്ടിലെ വീട്ടിൽ നിലവിൽ ആരുമില്ല.

യുഎസിലെ ജോലിയുമായി ബന്ധപ്പെട്ട് എന്തൊക്കെയോ പ്രശ്നങ്ങൾ ഉണ്ടായിരുന്നുവെങ്കിലും അതിനെക്കുറിച്ച് കൂടുതൽ അറിയില്ലെന്ന് കുടുംബവുമായി അടുപ്പമുള്ളവർ പറയുന്നു. എന്നാൽ, ജോലി പോയി എന്നതിന്റെ വിഷാദത്തിൽ അനില ഇത്രവലിയ ഒരു കടുംകൈക്ക് മുതിരുമെന്ന് വിശ്വസിക്കാൻ പ്രയാസമെന്നാണ് അവരുടെ അഭിപ്രായം. അത്രയും അടുത്ത സുഹൃത്തുക്കളായിരുന്നു അനിലയും മരിച്ച അഞ്ജനയും ആനിയും തമ്മിൽ.

സംഭവത്തിൽ ദുരൂഹതയുണ്ടെന്നാണ് നാട്ടുകാരുടെയും ബന്ധുക്കളുടെയും പക്ഷം. ആഴ്ചകൾക്ക് മുമ്പ് അവസാനമായി സിനിമയ്ക്ക് പോയതും കഴിഞ്ഞ ആഴ്ച ഓണം ആഘോഷിച്ചതും കൂട്ടുകാരികൾ ഒരുമിച്ചായിരുന്നു. ഒരൊറ്റ രാത്രിയിലാണ് എല്ലാം മാറിമറിഞ്ഞത്. സംഭവദിവസം, ഫ്ളാറ്റിലായിരുന്ന അഞ്ജനയെ താഴേക്ക് വിളിച്ചുവരുത്തിയാണ് അനില കാറിടിച്ചുകൊലപ്പെടുത്തിയത്.

## ടെണ്ടർ ക്ഷണിക്കുന്നു

മാള ഐസിഡിഎസ് പ്രൊജക്ടിലെ 145 അംഗനവാടികളിലേക്ക് പാൽ, മുട്ട എന്നിവ വിതരണം ചെയ്യുന്നതിന് വ്യക്തികളിൽനിന്നോ സ്ഥാപനങ്ങളിൽ നിന്നോ മുദ്രവെച്ച ടെണ്ടർ ക്ഷണിച്ചുകൊള്ളുന്നു.

ടെണ്ടർ സ്വീകരിക്കുന്ന അവസാന തിയ്യതി:

**സെപ്തംബർ 10 വൈകീട്ട് 2.30**

**ഫോൺ: 0480 2893269, 9400739203**

NB: ടെണ്ടർ തിയ്യതി ആഗസ്റ്റ് 31 എന്ന് നേരത്തെ അറിയിച്ചതാണ്. അതാണ് സെപ്തംബർ 10–ാം തിയ്യതിയിലേക്ക് മാറ്റിയിട്ടുള്ളത്.

എന്ന്, **സെക്രട്ടറി** (ഒപ്പ്)




സി.പി.ഐ. ദൽഹി ചലോ മാർച്ചിൽ പങ്കെടുക്കാൻ തൃശൂരിൽ നിന്നും പോകുന്ന സമര ഭടന്മാർക്ക് യാത്രയയപ്പ് നൽകിയപ്പോൾ. പാർട്ടി ജില്ലാ കൗൺസിൽ സെക്രട്ടറി കെ.ജി ശിവാനന്ദൻ ക്യാപ്റ്റനായിരുന്നു. കെ.രാജൻ എം.എൽ.എ., കെ.കെ. വത്സരാജ് എം.എൽ.എ., വി.എസ്.സുനിൽ കുമാർ തുടങ്ങിയവർ സമീപം.